**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1717** **28-07-2021 - ൽ മറുപടിയ്ക്ക്**

**എക്സൈസ് ചെക്ക്പോസ്റ്റുകളുടെ ആധുനികവത്ക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എ. രാജ,<br>ശ്രീ ഒ . ആർ. കേളു | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാജമദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ കടത്ത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | എല്ലാ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ശക്തമായ വാഹന പരിശോധനയും, മറ്റ് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ ശക്തമായ ബോർഡർ പട്രോളിംഗും നടത്തുന്നുണ്ട്. എല്ലാ ജില്ലകളിലും ഒരു ജില്ലാതല എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു. എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സി.സി.റ്റി.വി. ക്യാമറകൾ ഉൾപ്പെടെ സ്ഥാപിച്ച് വാഹന പരിശോധനയും നിരീക്ഷണവും നടത്തിവരുന്നു. ട്രെയിൻ മാർഗ്ഗമുള്ള മദ്യമയക്കുമരുന്ന് കടത്ത് തടയുന്നതിന് ആർ.പി.എഫുമായി ചേർന്നും, തീരദേശ മേഖലകളിൽ തീരദേശ പോലീസ് സേനയുമായി സഹകരിച്ചും പട്രോളിംഗ് നടത്തിവരുന്നു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള മദ്യ മയക്കുമരുന്ന് കടത്ത് തടയുന്നതിനായി സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും, സംസ്ഥാനമൊട്ടാകെയുള്ള മദ്യമയക്കുമരുന്ന് കടത്ത് തടയുന്നതിനായി സ്റ്റേറ്റ് എക്സൈസ് ഇന്റലിജൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി എക്സൈസ് ചെക്ക്പോസ്റ്റുകൾ ആധുനികവത്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | എക്സൈസ് ചെക്ക് പോസ്റ്റുകൾ ആധുനിക വത്ക്കരിക്കുന്നതിന്റെ ഭാഗമായി 14 ചെക്ക് പോസ്റ്റുകളിൽ സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കുകയും, 20 ചെക്ക് പോസ്റ്റുകളിൽ ഇരുചക്ര വാഹനങ്ങൾ നൽകുകയും, ഇൻവെർട്ടർ സംവിധാനം സോളാർ ലൈറ്റുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിലെ വാഹനപരിശോധന സുഗമമാക്കുന്നതിനായി എല്ലാ ചെക്ക് പോസ്റ്റുകളിലും ഡസ്റ്റ് മാസ്കുകൾ, ഫ്ലൂറസെന്റ് ജാക്കറ്റുകൾ, ട്രാഫിക് കോണുകൾ, സിഗ്നൽ ലൈറ്റ് |

| | | | |
|---|---|---|---|
| | | | ബാറ്റണുകൾ, കുടകൾ, ടോർച്ച് ലൈറ്റ് എന്നിവയും വിതരണം ചെയ്തിട്ടുണ്ട്. എക്സൈസ് ചെക്ക് പോസ്റ്റുകളുടെ സാന്നിദ്ധ്യം എളുപ്പത്തിൽ തിരിച്ചറിയുന്നതിനായി ഡിജിറ്റൽ എൽ.ഇ.ഡി. സൈൻബോർഡ് സ്ഥാപിക്കുകയും സ്വന്തമായി കെട്ടിടമില്ലാത്ത എക്സൈസ് ചെക്ക് പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂളുകളും സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെയും എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന്റെയും പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് മൂന്ന് മേഖലകളായി തിരിച്ച് ഓരോ മേഖലയും ഓരോ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ ചുമതലയിൽ പ്രവർത്തിച്ചുവരുന്നു. സ്റ്റേറ്റ് എക്സൈസ് ഇന്റലിജൻസ് വിഭാഗം മൂന്ന് മേഖലകളായി തിരിച്ച് ഓരോ മേഖലയും ഓരോ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടെ നേതൃത്വത്തിലും, ജില്ലാ തലത്തിൽ എക്സൈസ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിലും പ്രവർത്തിച്ചു വരുന്നു. |
| (ഡി) | പ്രാദേശിക തലത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ജനപ്രതിനിധികൾ അദ്ധ്യക്ഷന്മാരായി സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ ഉൾപ്പെടുത്തി പ്രസിഡന്റ് ചെയർമാനായി പഞ്ചായത്ത് തലത്തിലും, ചെയർപേഴ്സൺ അദ്ധ്യക്ഷനായി മുൻസിപ്പാലിറ്റി തലത്തിലും, എം.എൽ.എ. അദ്ധ്യക്ഷനായി നിയമസഭാ നിയോജക മണ്ഡലം തലത്തിലും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ കളക്ടർ കൺവീനറായും ജില്ലാ തലത്തിലും കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ